## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** — **09-08-2023 - ൽ മറുപടിയ്ക്ക്**

## പ്രസരണ വിതരണ നഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പവർ ഫിനാൻസ് കോർപ്പറേഷന്റെ കണക്കനുസരിച്ച് കെ. എസ്. ഇ. ബി. യുടെ ഒരു വർഷത്തെ പ്രസരണ വിതരണ നഷ്ടം എത്രയാണ്; ഇത് കുറയ്ക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആർ.ഡി.എസ്.എസ്.ന്റെ നോഡൽ ഏജൻസി പവർ ഫിനാൻസ് കോർപ്പറേഷൻ ആണ്. ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരം ഡിസ്ട്രിബ്യൂഷൻ യൂട്ടിലിറ്റികളുടെ AT&C നഷ്ടമാണ്. (Aggregate Technical & Commercial Loss) അളക്കുന്നത്. പദ്ധതിയുടെ അടിസ്ഥാന വർഷമായ 2019-20-ലെ AT&C നഷ്ടം 14.47% ആണ്. പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തോടുകൂടി അത് 10.5% ലേക്ക് എത്തിക്കാനാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ലക്ഷ്യം. ഇതിനായി 1755.7982 കോടി രൂപയുടെ വിതരണ ഉപപ്രസരണ പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൽ 33 kV, 11 kV എന്നീ ലൈനുകളുടെ പുനർച്ചാലക പ്രവൃത്തികൾ, പുതിയ എച്ച്.ടി, എൽ.ടി ലൈൻ വലിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ, പഴയ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സ്മാർട്ട് മീറ്റർ പദ്ധതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമാണെങ്കിൽ ഏതൊക്കെ രീതിയിലാണ് പ്രസരണ വിതരണ നഷ്ടം പ്രസ്തുത പദ്ധതി മുഖേന കുറയ്ക്കുവാൻ സാധിക്കുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | ആർ.ഡി.എസ്.എസ്. ഭാഗം എ (മീറ്ററിംഗ്) യുടെ കീഴിൽ ഉപഭോക്താക്കൾക്കുള്ള പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ്, ആശയവിനിമയ ഫീച്ചറോടു കൂടിയ ഫീഡർ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ തലത്തിലുള്ള സിസ്റ്റം മീറ്ററിംഗ്, കൂടാതെ അനുബന്ധ അഡ്വാൻസ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (AMI) എന്നിവ നടപ്പിലാക്കാൻ വിഭാവന ചെയ്യുന്നു. സ്മാർട്ട് മീറ്റർ മുഖേന മാത്രമേ കൃത്യമായ എനർജി അക്കൗണ്ടിംഗും ഓഡിറ്റിങ്ങും (machine to machine communication) നടപ്പിലാക്കാൻ പറ്റുകയുള്ളൂ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി കൂടുതൽ വിതരണ നഷ്ടം ഉള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് |

| | | | |
|---|---|---|---|
| | | | മനസ്സിലാക്കാനും പരിഹാരനടപടികൾ സ്വീകരിക്കുവാനും കഴിയും |
| (സി) | വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിന് കേന്ദ്ര സർക്കാർ വിളിച്ച യോഗത്തിൽ സംസ്ഥാനത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കാത്തത് സ്മാർട്ട് മീറ്റർ സ്ഥാപിക്കാത്തതിനാലാണോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ഇ.ബി.എൽ-നു ആദ്യ ഘട്ടത്തിൽ വിതരണ നഷ്ടം നികത്തുന്നതിനായുള്ള വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 1566 കോടി രൂപയാണ് കേന്ദ്ര ഊർജ്ജ മന്ത്രാലയം ഡി.പി.ആർ തുകയായി 2022 മാർച്ച് മാസം നടന്ന 7-ാമത് മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗിൽ അനുവദിച്ചത്. എന്നാൽ ഇത് 2018-ലെ cost data പ്രകാരമായിരുന്നതിനാൽ അധിക DPR തുക അനുവദിക്കുന്നതിനായി ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 2022-23-ലെ cost data പ്രകാരമുള്ള പ്രൊപ്പോസൽ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ചിരുന്നു. ഈ പ്രൊപ്പോസൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കോസ്റ്റ് കമ്മിറ്റി വിശദമായി പരിശോധിച്ച ശേഷം ശുപാർശ ചെയ്യുകയും പുതുക്കിയ പ്രൊപ്പോസൽ ആന്ധ്രാപ്രദേശിന്റെ കോസ്റ്റ് റിവിഷൻ പ്രൊപ്പോസിലിനൊപ്പം മോണിറ്ററിംങ് കമ്മിറ്റി മീറ്റിംഗിന്റെ അനുമതിക്കായി അജണ്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തു. 2023 ജൂലൈ 28-ാം തീയതി കേന്ദ്ര ഊർജ്ജ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ കെ.എസ്.ഇ.ബി.എൽ-ലെ മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷൻ 25.07.2023-നു ഇ-മെയിൽ മുഖാന്തിരം അറിയിക്കുകയുണ്ടായി. ആയതിനാൽ കെ.എസ്.ഇ.ബി.എൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഓൺലൈൻ ആയും ആർ.ഡി.എസ്.എസ്. പദ്ധതി കൈകാര്യം ചെയ്യുന്ന CAPs (Centrally Aided Projects) തലവനായ ചീഫ് എഞ്ചിനീയർ (IT, CR&CAPS) ഉം പ്രസ്തുത ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും നേരിട്ട് ഡൽഹിയിൽ മീറ്റിംഗിൽ പങ്കെടുക്കാനുമാണ് തീരുമാനിച്ചിരുന്നത്. അപ്രകാരം മേൽപ്പറഞ്ഞ ഓഫീസർമാർ 27 നു ഡൽഹിയിലേക്ക് പുറപ്പെടുകയും ചെയ്തു. എന്നാൽ 27.07.2023 രാത്രിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ലോസ് റിഡക്ഷൻ പ്രവർത്തികളുടെ DPR കോസ്റ്റ് റിവിഷൻ പ്രൊപ്പോസൽ കൂടുതൽ പരിശോധനയ്ക്കായി മാറ്റി വച്ചതായി നോഡൽ ഏജൻസിയായ പവർ ഫൈനാൻസ് കോർപ്പറേഷന് വിവരം ലഭിക്കുകയും രാത്രി 8.55-ന് അത് കെ.എസ്.ഇ.ബി.എൽ-നെ ഇ-മെയിൽ മുഖാന്തിരം അറിയിക്കുകയും ചെയ്തു. കെ.എസ്.ഇ.ബി.എൽ-നെ സംബന്ധിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലുകൾ പ്രസ്തുത മീറ്റിംഗിൽ ഇല്ലാത്തതിനാൽ മീറ്റിംഗിൽ പങ്കെടുക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതായി വന്നില്ല. കൂടുതൽ വിവരങ്ങൾ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും ഇതുവരെയും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ